ഞാറയ്ക്കൽ മണ്ഡലത്തിലെ കടമക്കുടി പഞ്ചായത്തിലെ കുടിവെള്ളക്ഷാമം

62 [1892] *ഡോ. എം. എ. കുട്ടപ്പൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽ കടമക്കുടി പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഒരു ഡീ-സലൈനേഷൻ പ്ലാന്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇല്ലെങ്കിൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്ത് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽ കടമക്കുടി പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഒരു ഡീ-സലൈനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ സാങ്കേതികത പരിശോധിച്ചുവരുന്നു.

(ബി) ഏകദേശം 60 ലക്ഷം രൂപ മുതൽ മുടക്കി പി.എം.ജി.വൈ. പദ്ധതിയിൽപ്പെടുത്തി ഏറ്റെടുത്ത പദ്ധതി 90% പൂർത്തീകരിച്ചുകഴിഞ്ഞു. കൂടാതെ പഞ്ചായത്തിനാവശ്യമായ ഒരു സംഭരണ ടാങ്ക് നിർമ്മിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടി

63 [1893] *ശ്രീ. കെ. സുധാകരൻ:*
„ *ടി. യു. രാധാകൃഷ്ണൻ:*
„ *വർക്കല കഹാർ:*
„ *മുഹമ്മദാലി:*
„ *എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർച്ച്-ഏപ്രിൽ മാസങ്ങളിലുണ്ടായ വരൾച്ചയെ തുടർന്നുണ്ടായ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തു;

(ബി) ഇതിനുവേണ്ടി ഏത്ര ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകി;

(സി) അതിനുവേണ്ടി ഒട്ടാകെ എന്ത് ചെലവ് വന്നു എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാ കളക്ടറുടെ ഫണ്ടും വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് ഫണ്ടും ഉപയോഗിച്ച് താൽക്കാലിക തടയണകൾ കെട്ടി സ്രോതസ്സ് ശക്തിപ്പെടുത്തുകയും അധിക പമ്പിംഗ് ഏർപ്പെടുത്തിയും പൈപ്പിലെ ലീക്കുകൾ മാറ്റിയും പമ്പ് സെറ്റുകൾ റിപ്പയർ ചെയ്തും വാൽവുകൾ ക്രമീകരിച്ചും ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തുകൾക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും നേരിട്ട് തുക അനുവദിക്കാറില്ല.

(സി) ബാധകമല്ല.

കൊച്ചിയിലെ കുടിവെള്ള പ്രശ്നം

64 [1894] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെയും തൊട്ടടുത്ത പ്രദേശങ്ങളിലെയും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുമോ?

ഉത്തരം

(എ) കൊച്ചി നഗരത്തിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനായി മൂവാറ്റുപുഴ-പാഴൂരിൽ നിന്നും ജലം നെട്ടൂരിൽ എത്തിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള 100 എം.എൽ.ഡി. വിതരണശേഷിയുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. കൂടാതെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകളായ മരട്, കുമ്പളം, തിരുവാങ്കുളം, ചോറ്റാനിക്കര എന്നിവിടങ്ങളിലേക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പശ്ചിമ കൊച്ചിയിലെയും തൊട്ടടുത്ത പ്രദേശങ്ങളിലെയും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കൊച്ചി ഇടക്കാല ശുദ്ധജല വിതരണ വിപുലീകരണ പദ്ധതി, ചൊവ്വര പദ്ധതി, ഡി.എഫ്.ഐ.ഡി. പദ്ധതി എന്നിവ പൂർത്തീകരിക്കുന്നതോടെ ശുദ്ധജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണ്.

(ബി) സമയബന്ധിതമായി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly